നമ്പർ ജി. (1)34671/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തീയതി - 21.03.2017

# സർക്കുലർ നമ്പർ 21/2017

വിഷയം - സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ഒന്നാംഘട്ടം (ഓണം 2016) രണ്ടാംഘട്ടം (ക്രിസ്മസ് 2016) കണക്കുകൾ അനുരഞ്ജനം ചെയ്യുന്നതും, ബാക്കി തുക തിരികെ അടയ്ക്കുന്നതും - സംബന്ധിച്ച്.

സൂചന - 1. സർക്കാർ ഉത്തരവ് G.O.MS. No. 324/16/Fin. dtd. 15/08/2016
2. ഈ ആഫീസ് സർക്കുലർ നമ്പർ 28/2016
3. സർക്കാർ ഉത്തരവ് G.O.MS. No. 503/16/Fin. dtd. 21/12/2016
4. ഈ ആഫീസ് സർക്കുലർ നമ്പർ 49/2016
5. ഈ ആഫീസിലെ 16/03/2017-ലെ G(1) 34761/2016 നമ്പർ കത്ത്.

(എ) ഒന്നാംഘട്ട പെൻഷൻ വിതരണ പൂർത്തിയാക്കി കണക്കുകൾ അനുരഞ്ജനപ്പെടുത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കണമെന്ന് നിരവധി തവണ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇനിയും ജില്ലകളിൽ കണക്കുകൾ അനുരഞ്ജനം ചെയ്യാൻ ബാക്കിയുള്ളതായി കാണുന്നു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രാഥമിക സംഘങ്ങളിലെ നോഡൽ ഓഫീസർമാർ അടിയന്തിരമായി ലോഗിൻ ചെയ്ത് തങ്ങളുടെ കണക്കുകൾ പരിശോധിച്ച് പെൻഷൻ വിതരണം ചെയ്ത തുകയും, ബാക്കി തിരിച്ചടച്ച തുകയും തങ്ങൾക്ക് വിതരണത്തിനായി അനുവദിച്ച തുകയുമായി തുലനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും അക്കാര്യം ജില്ലാ നോഡൽ ഓഫീസർക്കും (ജില്ലാ ബാങ്ക് നോഡൽ ഓഫീസർ) ജില്ലാ ജോയിന്റ് രജിസ്ട്രാർക്കും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
2. കണക്കുകളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിലോ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിലോ IKM-മായി അഥവാ പഞ്ചായത്ത് DBT സെല്ലുമായി ബന്ധപ്പെട്ട് അടിയന്തിരമായി അവ പരിഹരിക്കേണ്ടതാണ്. താഴെപ്പറയുന്ന പഞ്ചായത്ത് DBT സെൽ ഇ-മെയിൽ id യിൽ ബന്ധപ്പെടാവുന്നതാണ്.

**dpdbtcell@gmail.com.**

3. പ്രാഥമിക സംഘങ്ങൾ **25.03.2017 5.00 pm** ന് മുൻപായി അനുരഞ്ജനം നടത്തി ജില്ലാ നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്തിരിക്കേണ്ടതാണ്.
4. **27.03.2017 5.00 pm** - നകമായി ജില്ലാ നോഡൽ ഓഫീസർമാർ അനുരഞ്ജന റിപ്പോർട്ട് സംസ്ഥാന നോഡൽ ഓഫീസർ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ന് സമർപ്പിക്കേണ്ടതാണ്.
5. നിശ്ചിത സമയപരിധിക്കുള്ളിൽ അനുരഞ്ജനം പൂർത്തിയാക്കി ബാക്കി തുക തിരിച്ചടച്ച് റിപ്പോർട്ട് സമർപ്പിക്കാത്ത പ്രാഥമിക സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ബി) രണ്ടാംഘട്ട പെൻഷൻ വിതരണം (ക്രിസ്മസ് 2016) പൂർത്തിയാക്കി അനുരഞ്ജന റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും **22.03.2017** സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മിക്ക ജില്ലകളിലും ആയത് പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. രണ്ടാംഘട്ട പെൻഷൻ വിതരണം നടത്തിയതിൽ അനുരഞ്ജനം ബാക്കിയുള്ള സംഘങ്ങളിൽ ആയത് പൂർത്തിയാക്കി ബാക്കി തുക തിരിച്ചടച്ച് **25.05.2017 5.00 pm** ന് മുൻപായി ജില്ലാതല നോഡൽ ഓഫീസർമാർക്ക് റിപ്പോർട്ട് നൽകിയിരിക്കേണ്ടതാണ്.
2. മേൽ നിർദ്ദേശം പാലിക്കാത്ത പ്രാഥമിക സംഘങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
3. **27.05.2017 5.00 pm** ന് മുൻപായി ജില്ലാതലത്തിൽ അനുരഞ്ജനം പൂർത്തിയാക്കി ബാക്കി തുക തിരിച്ചടച്ച് ജില്ലാതല നോഡൽ ഓഫീസർമാർ സംസ്ഥാന നോഡൽ ഓഫീസർ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്.
4. രണ്ടാംഘട്ട പെൻഷൻ വിതരണത്തിന്റെ ആഡിറ്റ് കൺകറന്റ് ആഡിറ്റർമാർ ഉള്ള സംഘങ്ങളിൽ അവരെ ചുമതലപ്പെടുത്തിയും, ഇല്ലാത്തപക്ഷം മറ്റ് ആഡിറ്റർമാരെ ചുമതലപ്പെടുത്തിയും പൂർത്തിയാക്കി അതാത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ **28.03.2017** - നകമായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
5. ഒന്നാംഘട്ടത്തിന്റെയും രണ്ടാംഘട്ടത്തിന്റെയും അനുരഞ്ജനം പൂർത്തിയാക്കി ബാക്കി തുക തിരിച്ചടച്ചു എന്ന് അതാതു ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതും ആയത് സംസ്ഥാന നോഡൽ ഓഫീസർ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. **28.03.2017** ഉച്ചയ്ക്ക്

**2.00** മണിക്ക് മുൻപായി ടി റിപ്പോർട്ട് സംസ്ഥാന നോഡൽ ഓഫീസർക്ക് ലഭിച്ചിരിക്കേണ്ടതാണ്.

6. മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ ചുമതലപ്പെട്ട മുഴുവൻ വകുപ്പ് ഉദ്യോഗസ്ഥർ തങ്ങളുടെ ഉത്തരവാദിത്വം കൃത്യമായി നിറവേറ്റേണ്ടതും സഹകരണ വകുപ്പിനാകെ അഭിമാനകരമായി മാറിയ പെൻഷൻ വിതരണ പ്രവർത്തനം പൂർണ്ണമായും കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കേണ്ടതുമാണ്.

സഹകരണ ആഡിറ്റ് ഡയറക്ടർ ബന്ധപ്പെട്ട ആഡിറ്റർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അവർ പ്രസ്തുത ആഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നു എന്നുറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ ബാങ്ക് ജോയിന്റ് ഡയറക്ടർമാർക്കും/കൺകറന്റ് ആഡിറ്റർമാർക്കും
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
7. വെബ്സൈറ്റ്
8. സഹകരണ വീഥി

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ വിജിലൻസ്